ഉത്തരം

(എ) ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2-7-2003-ൽ ലഭിച്ച ശ്രീ. വേലുവിന്റെ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി പ്രകാരം ഓഗസ്റ്റ് മാസം ധനസഹായം നൽകാവുന്നതാണ്.

കടങ്ങോട് വില്ലേജിൽ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് നടപടി

25 [5000] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ കടങ്ങോട് വില്ലേജിൽ സർവ്വെ 539-ൽ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളതായി അറിയുമോ;

(ബി) എങ്കിൽ ഭൂമി അനുവദിച്ചത് എപ്പോഴായിരുന്നുവെന്നും അത് സംബന്ധിച്ച് മറ്റു വിശദാംശങ്ങളും വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമി ഓരോരുത്തർക്കും അളന്നു തിട്ടപ്പെടുത്തി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി നൽകുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവ വിശദമാക്കുമോ;

(എഫ്) ഈ വിഷയത്തിൽ അടിയന്തിര നിർദ്ദേശം നൽകി പ്രസ്തുത ഭൂമി അവകാശികൾക്ക് അളന്ന് തിട്ടപ്പെടുത്തി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറിയാം.

(ബി) കടങ്ങോട് വില്ലേജ് സർവ്വെ 539-ൽപ്പെട്ട പുറംപോക്ക് സ്ഥലം ഓരോ ഏക്കർ വീതം 20-2-1970-ൽ 87 പട്ടികജാതിക്കാർക്ക് പതിച്ചുനൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ, എഫ്) ബാധകമല്ല.

കൊയിലാണ്ടി താലൂക്കിൽ കുടിൽകെട്ടി താമസിച്ചുവരുന്നവർക്ക് പട്ടയം

26 [5001] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽപ്പെട്ട ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി പഞ്ചായത്തുകളിൽ എത്ര ഏക്കർ പുറംപോക്ക് ഭൂമി റവന്യൂ വകുപ്പിന്റെ കൈവശം ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly